പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2566 | 14.02.2013- ൽ മറുപടി നൽകേണ്ടിയിരുന്നത് |

**ഫോറൻസിക് സൈക്യാട്രി ബ്ലോക്കുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബാബു. എം. പാലിശ്ശേരി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തെ ജയിലുകളിൽ നിന്നും മാനസികാരോഗ്യ ആശുപത്രികളിൽ കൊണ്ടുവരുന്നവരെ താമസിപ്പിക്കുന്ന ഫോറൻസിക് സൈക്യാട്രി ബ്ലോക്കുകളിലെ സൗകര്യങ്ങളുടെ അപര്യാപ്തത പരിശോധിച്ചിട്ടുണ്ടോ: | എ) | പരിശോധിച്ചിട്ടുണ്ട്. ജയിലിൽ നിന്നും കൊണ്ടുവരുന്ന തടവുകാരെ പാർപ്പിക്കുന്നതിനു വേണ്ടി പുതിയ സിംഗിൾ റൂമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | തടവുകാരുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജയിൽ ആശുപത്രി വികസിപ്പിച്ച് ഫോറൻസിക്ക് സൈക്യാട്രി വിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ബി) | ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന വ്യക്തികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ആഴ്ചയിൽ ഒരു ദിവസം മെന്റൽ ഹെൽത്ത് സെന്ററുകളിൽ നിന്നും ഒരു മനോരോഗ വിദഗ്ധന്റെ സേവനം ഇപ്പോൾ തന്നെ ലഭ്യമാണ്. ജയിൽ വളപ്പിന് അകത്ത് തന്നെ മാനസിക വൈകല്യമുള്ള ജയിൽ പുള്ളികളെ പാർപ്പിക്കുന്നതിനു വേണ്ടി ഫോറൻസിക്ക് സൈക്യാട്രി വാർഡുകൾ ആരംഭിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**